പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 243 29-10-2026-ൽ മറുപടിയ്ക്ക്

കിഫ്ബി ധനസഹായത്തോടെയുള്ള പൊതുമരാമത്ത് റോഡ് പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. സജി ചെറിയാൻ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. എം. എസ്. അരുൺ കുമാർ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) കിഫ്ബി അവലോകന സമിതിയുടെ ശിപാർശകൾ പൊതുമരാമത്ത് വകുപ്പിന്റെ പ്രധാന പദ്ധതികളെ എങ്ങനെ ബാധിക്കുമെന്ന് വ്യക്തമാക്കാമോ;

മറുപടി: കിഫ്ബി അവലോകന സമിതിയുടെ റിപ്പോർട്ട് നടപ്പിലാക്കുന്നതൊടെ പൊതുമരാമത്ത് വകുപ്പിന് പഴയ കാല പ്രതാപത്തിലേക്ക് പോകാൻ കഴിയും. കിഫ്ബിയുടെ ചില നടപടികൾ മൂലമാണ് പല പദ്ധതികളും തടസ്സപ്പെടാനുള്ള കാരണം. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ കിഫ്ബിക്ക് ദീർഘവീക്ഷണമില്ലായിരുന്നു. പ്രസ്തുത തടസ്സങ്ങൾ നീക്കുന്നതിലൂടെ കിഫ്ബിയിൽ മുടങ്ങിക്കിടക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ പൊതുമരാമത്ത് വകുപ്പിന് കഴിയും. പൊതുമരാമത്ത് വകുപ്പിന് സ്വതന്ത്രമായ തീരുമാനം എടുക്കാൻ അവസരം ലഭിക്കുന്നതോടെ മന്ദഗതിയിൽ ആയിരുന്ന പല പദ്ധതികളും റെക്കോർഡ് വേഗതയിൽ പൂർത്തിയാക്കാൻ കഴിയും.

(ബി) പൊതുമരാമത്ത് വകുപ്പ് കിഫ്ബി ധനസഹായത്തോടെ നിലവിൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന റോഡുകൾ, പാലങ്ങൾ, ഫ്ലൈ ഓവറുകൾ, ബൈപ്പാസുകൾ തുടങ്ങിയ വൻകിട പശ്ചാത്തല സൗകര്യ വികസന പദ്ധതികൾക്ക് ഫണ്ട് ലഭിക്കാതെ പണികൾ പാതിവഴിയിൽ മുടങ്ങാൻ ഈ ശിപാർശകൾ ഇടയാക്കുമോയെന്ന് വ്യക്തമാക്കാമോ;

മറുപടി: കേരള റോഡ് ഫണ്ട് ബോർഡിനു റോഡ് ഫണ്ട് ആക്ട് വഴി ലഭ്യമായിക്കൊണ്ടിരുന്ന മോട്ടോർ വാഹന ടാക്സുകൾ വകമാറ്റിയതും പെട്രോളിയം CESS വകമാറ്റിയതും വഴി പൊതുമരാമത്ത് വകുപ്പിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം കിഫ്ബി വന്നതോടെ നഷ്ടമായി. കൂടാതെ കെആർഎഫ്ബി വഴിയുള്ള ധനസഹായം ഇല്ലാതെ വരികയും തദ്വാരാ പൊതുമരാമത്ത് വകുപ്പിനെ വെറുമൊരു ഇംപ്ലിമെന്റിംഗ് ഏജൻസി ആക്കി മാറ്റിയ കഴിഞ്ഞ സർക്കാരിന്റെ നടപടി അവസാനിപ്പിക്കുന്നതോടെ നിർമ്മാണ മേഖലയിൽ വലിയ മുന്നേറ്റം നടത്താൻ പൊതുമരാമത്ത് വകുപ്പിന് സാധിക്കും.

കഴിഞ്ഞ ആറ് മാസം കൊണ്ട് 2000 കോടി രൂപയുടെ ഭരണാനുമതിയാണ് പൊതുമരാമത്ത് വകുപ്പ് നൽകിയത്. ഒരു സാമ്പത്തിക ബുദ്ധിമുട്ടും ഇല്ലെന്നുമാത്രമല്ല, പുതുതായി 300 പാലങ്ങൾ, 12000 കി.മീ.

റോഡുകൾ BMBC നിലവാരത്തിൽ അഭിവൃദ്ധിപ്പെടുത്തൽ, ബൈപ്പാസുകൾ, ഫ്ലൈ ഓവറുകൾ, പ്രധാന ജംഗ്ഷനുകളുടെ നവീകരണങ്ങൾ എന്നീ പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതു കൂടാതെ മുന്നെ സൂചിപ്പിച്ചതുപോലെ കേരള റോഡ് ഫണ്ട് ബോർഡിന് ലഭ്യമായിക്കൊണ്ടിരുന്ന മോട്ടോർ വാഹന ടാക്സുകൾ പെട്രോളിയം സെസ്സ് എന്നിവ തിരികെ ലഭിക്കുന്നതോടുകൂടി വിഭാവനം ചെയ്ത വികസന പ്രവർത്തനങ്ങളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

(സി) കിഫ്ബി വഴിയല്ലാതെ നിലവിലെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാക്കാനുള്ള തുക സംസ്ഥാന ബജറ്റിൽ നിന്ന് കണ്ടെത്താൻ ശിപാർശ ചെയ്തിട്ടുള്ള സാഹചര്യത്തിൽ, സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക പരിമിതികൾ മൂലം പൊതുമരാമത്ത് വികസന പ്രവർത്തനങ്ങൾ വൻതോതിൽ വെട്ടിച്ചുരുക്കേണ്ടി വരുമോ;

<u>മറുപടി:</u> കേരള റോഡ് ഫണ്ട് ബോർഡിനു റോഡ് ഫണ്ട് ആക്ട് വഴി ലഭ്യമായിക്കൊണ്ടിരുന്ന മോട്ടോർ വാഹന ടാക്സുകൾ വകമാറ്റിയതും പെട്രോളിയം CESS വകമാറ്റിയതും വഴി പൊതുമരാമത്ത് വകുപ്പിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം കിഫ്ബി വന്നതോടെ നഷ്ടമായി. കൂടാതെ കെആർഎഫ്ബി വഴിയുള്ള ധനസഹായം ഇല്ലാതെ വരികയും തദ്വാരാ പൊതുമരാമത്ത് വകുപ്പിനെ വെറുമൊരു ഇംപ്ലിമെന്റിംഗ് ഏജൻസി ആക്കി മാറ്റിയ കഴിഞ്ഞ സർക്കാരിന്റെ നടപടി അവസാനിപ്പിക്കുന്നതോടെ നിർമ്മാണ മേഖലയിൽ വലിയ മുന്നേറ്റം നടത്താൻ പൊതുമരാമത്ത് വകുപ്പിന് സാധിക്കും.

കഴിഞ്ഞ ആറ് മാസം കൊണ്ട് 2000 കോടി രൂപയുടെ ഭരണാനുമതിയാണ് പൊതുമരാമത്ത് വകുപ്പ് നൽകിയത്. ഒരു സാമ്പത്തിക ബുദ്ധിമുട്ടും ഇല്ലെന്നുമാത്രമല്ല, പുതുതായി 300 പാലങ്ങൾ, 12000 കി.മീ. റോഡുകൾ BMBC നിലവാരത്തിൽ അഭിവൃദ്ധിപ്പെടുത്തൽ, ബൈപ്പാസുകൾ, ഫ്ലൈ ഓവറുകൾ, പ്രധാന ജംഗ്ഷനുകളുടെ നവീകരണങ്ങൾ എന്നീ പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതു കൂടാതെ മുന്നെ സൂചിപ്പിച്ചതുപോലെ കേരള റോഡ് ഫണ്ട് ബോർഡിന് ലഭ്യമായിക്കൊണ്ടിരുന്ന മോട്ടോർ വാഹന ടാക്സുകൾ പെട്രോളിയം സെസ്സ് എന്നിവ തിരികെ ലഭിക്കുന്നതോടുകൂടി വിഭാവനം ചെയ്ത വികസന പ്രവർത്തനങ്ങളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

(ഡി) കിഫ്ബി വഴിയുള്ള ഫണ്ട് ലഭ്യത അവസാനിക്കുമ്പോൾ വിഴിഞ്ഞം ഔട്ടർ റിംഗ് റോഡ്, മലയോര ഹൈവേ, തീരദേശ ഹൈവേ തുടങ്ങിയ ദീർഘകാല തന്ത്രപ്രധാന പൊതുമരാമത്ത് പദ്ധതികൾക്കായുള്ള തുക കണ്ടെത്താൻ എന്തു മാർഗ്ഗമാണ് പൊതുമരാമത്ത് വകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> കേരള റോഡ് ഫണ്ട് ബോർഡിനു റോഡ് ഫണ്ട് ആക്ട് വഴി ലഭ്യമായിക്കൊണ്ടിരുന്ന മോട്ടോർ വാഹന ടാക്സുകൾ വകമാറ്റിയതും പെട്രോളിയം CESS വകമാറ്റിയതും വഴി പൊതുമരാമത്ത് വകുപ്പിന് ലഭ്യമാകേണ്ടിയിരുന്ന വരുമാനം കിഫ്ബി വന്നതോടെ നഷ്ടമായി. കൂടാതെ കെആർഎഫ്ബി വഴിയുള്ള ധനസഹായം ഇല്ലാതെ വരികയും തദ്വാരാ പൊതുമരാമത്ത് വകുപ്പിനെ വെറുമൊരു ഇംപ്ലിമെന്റിംഗ് ഏജൻസി ആക്കി മാറ്റിയ കഴിഞ്ഞ സർക്കാരിന്റെ നടപടി അവസാനിപ്പിക്കുന്നതോടെ നിർമ്മാണ മേഖലയിൽ വലിയ മുന്നേറ്റം നടത്താൻ പൊതുമരാമത്ത് വകുപ്പിന് സാധിക്കും.

കഴിഞ്ഞ ആറ് മാസം കൊണ്ട് 2000 കോടി രൂപയുടെ ഭരണാനുമതിയാണ് പൊതുമരാമത്ത് വകുപ്പ് നൽകിയത്. ഒരു സാമ്പത്തിക ബുദ്ധിമുട്ടും ഇല്ലെന്നുമാത്രമല്ല, പുതുതായി 300 പാലങ്ങൾ, 12000 കി.മീ. റോഡുകൾ BMBC നിലവാരത്തിൽ അഭിവൃദ്ധിപ്പെടുത്തൽ, ബൈപ്പാസുകൾ, ഫ്ലൈ ഓവറുകൾ, പ്രധാന ജംഗ്ഷനുകളുടെ നവീകരണങ്ങൾ എന്നീ പദ്ധതികൾ ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതു കൂടാതെ മുന്നെ സൂചിപ്പിച്ചതുപോലെ കേരള റോഡ് ഫണ്ട് ബോർഡിന് ലഭ്യമായിക്കൊണ്ടിരുന്ന മോട്ടോർ വാഹന ടാക്സുകൾ പെട്രോളിയം സെസ്സ് എന്നിവ തിരികെ ലഭിക്കുന്നതോടുകൂടി വിഭാവനം ചെയ്ത വികസന പ്രവർത്തനങ്ങളെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ